(ബി) അംഗൻവാടി സൂപ്പർവൈസർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 152 സ്ഥിരം ഒഴിവുകൾ ഉണ്ട്. ഇതിൽ അംഗൻവാടി ജീവനക്കാരായിരുന്ന 53 പേർ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്നു. 50 പേരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാൻ പി.എസ്.സി. ശുപാർശ ലഭിച്ചിട്ടുണ്ട്. അവശേഷിക്കുന്നത് 49 ഒഴിവുകളാണ്.

(ബി) 2:1:1 എന്ന അനുപാതത്തിൽ യഥാക്രമം പൊതുവിഭാഗത്തിൽ നിന്നും നേരിട്ടുള്ള നിയമനം, അംഗൻവാടി വർക്കർമാരിൽ നിന്നും നേരിട്ടുള്ള നിയമനം, ഫീഡർ കാറ്റഗറികളിൽ നിന്നും സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനം എന്നിവയാണ്, സൂപ്പർവൈസർ തസ്തികയിലേക്കുള്ള നിയമന മാനദണ്ഡം, സ്ഥാനക്കയറ്റം, അംഗൻവാടി വർക്കർമാരിൽനിന്നുള്ള നിയമനം, പൊതുവിഭാഗത്തിൽനിന്നുള്ള നിയമനം എന്നിങ്ങനെയാണ് നിയമനക്രമം.

വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്

31 [1333] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികലാംഗരിൽ എത്രപേർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുണ്ടെന്നും, സംസ്ഥാനത്ത് ആകെ എത്ര വികലാംഗർ ഉണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് തിരിച്ചറിയൽ കാർഡ് ലഭിച്ചവർക്ക് ഇപ്പോഴും വിവിധ ആവശ്യങ്ങൾക്ക് ചില ബുദ്ധിമുട്ടുകൾ നേരിടുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) കുറിയ വിഭാഗത്തിൽപ്പെട്ട വികലാംഗർക്ക് വികലാംഗ സർട്ടിഫിക്കറ്റ് നൽകുന്നില്ലായെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത വിഭാഗത്തിനുംകൂടി വികലാംഗ സർട്ടിഫിക്കറ്റ് നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ഉത്തരം

(എ) ആകെ 75111 പേർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്. ആകെ എത്ര വികലാംഗരുണ്ടെന്ന കണക്ക് സർക്കാർതലത്തിൽ ശേഖരിച്ചിട്ടില്ല. ശേഖരിച്ച് നൽകുന്നതാണ്.

(ബി ആന്റ് സി) ഉണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ ബസ് പാസ് നൽകുന്നതിന് തിരിച്ചറിയൽ കാർഡ് ആധികാരികരേഖയായി കണക്കാക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി ആന്റ് ഇ) 1995-ലെ വികലാംഗ സംരക്ഷണ നിയമപ്രകാരം പൂർണ്ണമായോ ഭാഗികമായോ അന്ധതയുള്ളവർ, കുഷ്ഠരോഗ വിമുക്തർ, കേഴ്വിക്കുറവുള്ളവർ, ചലനവൈകല്യമുള്ളവർ, ബുദ്ധിമാന്ദ്യമുള്ളവർ, മാനസികരോഗികൾ, എന്നിവരെ മാത്രമേ വികലാംഗരായി അംഗീകരിച്ചിട്ടുള്ളൂ.

ടെക്നോപാർക്കിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കൈമാറ്റം

32 [1334] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്കിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ടാജ് ഗ്രൂപ്പിന് കൈമാറാൻ ധാരണയായിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഐ. ടി. വ്യവസായങ്ങൾക്കുമാത്രമേ ടെക്നോപാർക്കിന്റെ സ്ഥലം നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വ്യവസ്ഥയുടെ ഒരു കോപ്പി ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത വ്യവസ്ഥകൾ സംബന്ധിച്ച വിവരങ്ങൾ ടെക്നോപാർക്കിന്റെ വെബ്സൈറ്റിൽനിന്നും അപ്രത്യക്ഷമായിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അപ്രകാരം സംഭവിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഐ. ടി. മേഖലയെ കൂടുതൽ ആകർഷകമാക്കുന്നതിനും, ദേശീയ-അന്തർദേശീയ ഐ. ടി. കമ്പനികൾക്ക് ഉതകുംവിധത്തിലുള്ള ഒരു സപ്പോർട്ട് സർവ്വീസ് എന്ന നിലയിലും ടെക്നോപാർക്കിൽ ഒരു എക്കണോമി ഹോട്ടൽ ആരംഭിക്കുന്നതിന് ഒരു ഏക്കർ ഭൂമി ടാജ് ഗ്രൂപ്പിന് നൽകുന്നതിന് ധാരണയായിട്ടുണ്ട്. ഈ ഭൂമി 25 വർഷത്തെ പാട്ടത്തിന് വർദ്ധിപ്പിച്ച കമ്പോള വിലയായ 30 ലക്ഷം രൂപയ്ക്കാണ് നൽകിയിരിക്കുന്നത്.

(ബി) ഇല്ല. ടെക്നോപാർക്ക് സ്ഥാപിച്ചതിന്റെ ഒരു പ്രധാന ഉദ്ദേശ്യലക്ഷ്യം ഇലക്ട്രോണിക്സ് ഐ. ടി. വ്യവസായത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും അന്തരീക്ഷവും സൃഷ്ടിക്കുക എന്നതാണ്. ടെക്നോപാർക്കിന്റെ മെമ്മോറാണ്ടവും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ ഒരു പ്രധാന ഘടകം ഇലക്ട്രോണിക്സ്/ ഐ. ടി. വ്യവസായത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സപ്പോർട്ട് സർവ്വീസസ് സൃഷ്ടിക്കുക എന്നതാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി ആന്റ് ഇ) പ്രസ്തുത വ്യവസ്ഥകൾ സംബന്ധിച്ച വിവരങ്ങൾ ടെക്നോപാർക്കിന്റെ വെബ്സൈറ്റിൽ നൽകിയിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly